**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2422** **12-02-2024 - ൽ മറുപടിയ്ക്ക്**

**മാലിന്യസംസ്കരണ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വൻതോതിൽ മാലിന്യം പുറന്തള്ളുന്ന സ്ഥാപനങ്ങളിൽ സംസ്കരണത്തിലെ വീഴ്ച കണ്ടെത്തുന്നതിന് എൻഫോഴ്സ്മെന്റ് സ്ക്വാഡുകളെ നിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്ത് വൻതോതിൽ മാലിന്യം പുറന്തള്ളുന്ന സ്ഥാപനങ്ങളിൽ സംസ്കരണത്തിലെ വീഴ്ച കണ്ടെത്തുന്നതിന് എൻഫോഴ്സ്മെന്റ് സ്വാഡുകളെ നിയോഗിച്ചിട്ടുണ്ട്.<br>ജില്ലാതലത്തിൽ തദ്ദേശ സ്വയം ഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ ചെയർമാനായും, ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്റർ ജില്ലാ തല നോഡൽ ഓഫീസറായും, ജില്ലാ ശുചിത്വ മിഷൻ കോർഡിനേറ്റർ ജില്ലാതല നോഡൽ ഓഫീസറായും ജില്ലാ എൻഫോഴ്സ്മെന്റ് സെക്രട്ടേറിയേറ്റിൽ നിന്നും ഇന്റേർണൽ വിജിലൻസ് വിംഗിൽ നിന്നും (ജൂനിയർ സൂപ്രണ്ട് പദവിയിൽ കുറയാത്ത) ഒരു ഉദ്യോഗസ്ഥൻ (ടീം ലീഡർ), ജോയിന്റ് ഡയറക്ടർ തദ്ദേശ സ്വയംഭരണ വകുപ്പ് നിശ്ചയിക്കുന്ന മറ്റൊരു ഉദ്യോഗസ്ഥ/ഉദ്യോഗസ്ഥൻ, പരിശോധന വേളയിൽ ജില്ലാ ജോയിന്റ് ഡയറക്ടർ ആവശ്യപ്പെടുന്ന പ്രകാരം എൻഫോഴ്സ്മെന്റ് സ്ക്വാഡ് പരിശോധന നടത്തേണ്ട തദ്ദേശ സ്വയംഭരണ സ്ഥാപന സ്ഥലപരിധിക്കുള്ളിലെ പോലീസ് സ്റ്റേഷനിൽ നിന്നുള്ള പോലീസ് ഓഫീസർ എന്നിവരെ ഉൾപ്പെടുത്തിയാണ് എൻഫോഴ്സ്മെന്റ് ടീം രൂപീകരിച്ചിട്ടുള്ളത്. സംസ്ഥാനത്ത് ആകെ ഇത്തരം 23 ടീമുകളാണ് രൂപീകരിച്ചിട്ടുള്ളത്. സ്ക്വാഡിന്റെ പ്രവർത്തന ആസ്ഥാനം അതത് ജില്ലാ ശുചിത്വ മിഷൻ ഓഫീസുകൾ ആയിരിക്കും. |
| (ബി) | 2023 ജനുവരി മുതൽ നാളിതുവരെ പ്രസ്തുത എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ എത്ര സ്ഥാപനങ്ങളിൽ നിന്ന് പിഴ ഈടാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ? | (ബി) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ